# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/215/2018 2018 ഒക്ടോബർ 11

## വാർത്താക്കുറിപ്പ്

**പഠിക്കാൻ പ്രായം പ്രശ്നമല്ല;**

## എം.ജി.യിൽ ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക്

## കുറഞ്ഞ പ്രായനിബന്ധനയില്ലാതെ പ്രവേശനം

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് പ്രവേശനം നേടാൻ ഇനി കുറഞ്ഞ പ്രായപരിധി നിബന്ധനയില്ല. പ്രായനിബന്ധനയില്ലാതെ നിശ്ചിത അക്കാദമിക യോഗ്യത നോക്കി പ്രോഗ്രാമുകൾക്ക് പ്രവേശനം നൽകാൻ സർവകലാശാല ഉത്തരവിട്ടു.

പ്ലസ്ടു/തത്തുല്യ അക്കാദമിക് യോഗ്യത നേടിയവർക്ക് ബിരുദ പ്രോഗ്രാമുകൾക്കും ബിരുദ/തത്തുല്യ യോഗ്യത നേടിയവർക്ക് ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കും കുറഞ്ഞ പ്രായനിബന്ധനയില്ലാതെ പ്രവേശനം നൽകണമെന്ന് ഉത്തരവിൽ പറയുന്നു. സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നേടുന്നവർക്കാണ് നിലവിൽ പ്രവേശനത്തിന് ഉയർന്ന പ്രായപരിധി നിബന്ധനയുള്ളത്. 25 വയസാണ് സ്പോർട്സ് ക്വാട്ട പ്രവേശനത്തിന്റെ ഉയർന്ന പ്രായപരിധി. ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാം പ്രവേശനത്തിനുള്ള കുറഞ്ഞ പ്രായപരിധി സംബന്ധിച്ച് വ്യക്തത വേണമെന്നാവശ്യപ്പെട്ട് വിദ്യാർഥികൾ നൽകിയ അപേക്ഷകൾ പരിഗണിച്ചാണ് സർവകലാശാലയുടെ നടപടി.

**<u>പരീക്ഷാ തീയതി</u>**

അഫിലിയേറ്റഡ് കോളേജുകളിലും സീപാസിലും നടക്കുന്ന രണ്ടാം സെമസ്റ്റർ എം.സി.എ. (പുതിയ സ്കീം - 2017 അഡ്മിഷൻ റഗുലർ/2012 - 2016 അഡ്മിഷൻ സപ്ലിമെന്ററി), ലാറ്ററൽ എൻട്രി (2013-2016 അഡ്മിഷൻ സപ്ലിമെന്ററി, 2011 അഡ്മിഷന്റെ ആദ്യ മേഴ്സി ചാൻസ്) പരീക്ഷകൾ നവംബർ രണ്ടു മുതൽ ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ ഒക്ടോബർ 15 വരെയും 500 രൂപ പിഴയോടെ 16 വരെയും 1000 രൂപ സൂപ്പർഫൈനോടെ 17 വരെയും സമർപ്പിക്കാം. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 40 രൂപ വീതവും സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബി.കോം (സി.ബി.സി.എസ്.എസ്. - പ്രൈവറ്റ് രജിസ്ട്രേഷൻ) ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി (2012 - 2016 അഡ്മിഷൻ) പരീക്ഷകൾ ഒക്ടോബർ 31ന് ആരംഭിക്കും.

ഒന്നും രണ്ടും സെമസ്റ്റർ ബി.എ./ബി.കോം (സി.ബി.സി.എസ്. - പ്രൈവറ്റ് രജിസ്ട്രേഷൻ - 2017 അഡ്മിഷൻ) പരീക്ഷകൾ ഒക്ടോബർ 31ന് ആരംഭിക്കും.

**<u>1994 മുതലുള്ള കോഴ്സുകൾക്ക്</u>**

**<u>പ്രത്യേക മേഴ്സി ചാൻസ് പരീക്ഷ</u>**

വിവിധ ബിരുദ, ബിരുദാനന്തര ബിരുദ, പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രത്യേക മേഴ്സി ചാൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കാം. മോഡൽ I ബി.എ./ബി.എസ്സി./ബി.കോം (റഗുലർ : 1998 - 2008), ബി.എ./ബി.കോം (പ്രൈവറ്റ് : 1998-2011), ബി.എസ്സി. നഴ്സിംഗ്/ബി.ടെക് ഒഴിച്ചുള്ള മറ്റ് ബിരുദ കോഴ്സുകൾ (2000 അഡ്മിഷൻ മുതൽ), എം.എ./എം.എസ്സി/എം.കോം. (റഗുലർ: 2001 - 2011, പ്രൈവറ്റ് : 2004 - 2013), മറ്റ് പി.ജി. കോഴ്സുകൾ (2000 അഡ്മിഷൻ മുതൽ), ബി.എഡ്. (2003 അഡ്മിഷൻ മുതൽ), എൽ.എൽ.ബി. (1994 അഡ്മിഷൻ മുതൽ), എം.ടെക് (2009 അഡ്മിഷൻ മുതൽ), എം.എഡ്. (2002 അഡ്മിഷൻ മുതൽ) കോഴ്സുകൾക്കാണ് മേഴ്സി ചാൻസ് പരീക്ഷ നടക്കുക. ഒക്ടോബർ 25 വരെ പിഴയില്ലാതെയും 50 രൂപ പിഴയോടെ 29 വരെയും 500 രൂപ സൂപ്പർഫൈനോടെ 31 വരെയും അപേക്ഷിക്കാം. പരീക്ഷാഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ 5000 രൂപ സ്പെഷൽ ഫീസായി അടയ്ക്കണം. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**ബി.ടെക് ഇന്റേണൽ റീ ഡു പരീക്ഷ**

ബി.ടെക് വിവിധ സെമസ്റ്ററുകളുടെ (2010 ന് മുമ്പും ശേഷവുമുള്ള അഡ്മിഷൻ) ഇന്റേണൽ റീ ഡു പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു. നവംബർ 15 വരെ അപേക്ഷിക്കാം. സർവകലാശാല തിയറി പരീക്ഷയിൽ 40 മാർക്കിന് മുകളിൽ നേടുകയും ഇന്റേണൽ അസസ്മെന്റ് മാർക്കിന്റെ കുറവ് മൂലം പരീക്ഷ തോറ്റുപോവുകയും ചെയ്തവർക്കാണ് അവസരം. ഓരോ വിഷയത്തിനും 2000 രൂപ രജിസ്ട്രേഷൻ ഫീസ് അടയ്ക്കണം. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

**സീറ്റൊഴിവ്**

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ എം.എഡ്. പ്രോഗ്രാമിലേക്ക് ജനറൽ, സംവരണ വിഭാഗങ്ങളിൽ ഏതാനും സീറ്റൊഴിവുണ്ട്. ക്യാറ്റ് എം.ജി.യു. പ്രോസ്പെക്ടസ് പ്രകാരം യോഗ്യതയുള്ളവർ ഒക്ടോബർ 15ന് രാവിലെ 11ന് യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസൽ രേഖകളുമായി പഠനവകുപ്പിൽ ഹാജരാകണം. വിവരങ്ങൾക്ക് ഫോൺ: 0481 - 2731042.

**പരീക്ഷാഫലം**

2018 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. മൈക്രോബയോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 25 വരെ അപേക്ഷിക്കാം.

2018 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 24 വരെ അപേക്ഷിക്കാം.

2018 മെയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. സംസ്കൃതം (ജനറൽ) ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 25 വരെ അപേക്ഷിക്കാം.

**ദുരന്ത നിവാരണത്തിന്റെ രാഷ്ട്രീയ സാമ്പത്തിക ശാസ്ത്രം; പ്രഭാഷണം നടത്തി**

മഹാത്മാ ഗാന്ധി സർവകലാശാല ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററിന്റേയും കെ.എൻ. രാജ് സെന്ററിന്റെയും ആഭിമുഖ്യത്തിൽ ദുരന്തനിവാരണത്തിന്റെ രാഷ്ട്രീയ - സാമ്പത്തിക ശാസ്ത്രം എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിച്ചു. ആലുവ യു.സി. കോളേജ് സാമ്പത്തിക ശാസ്ത്ര വിഭാഗം അധ്യാപിക ജി. ഗീതിക മുഖ്യപ്രഭാഷണം നടത്തി. പ്രൊഫ. മാത്യു കുര്യൻ അധ്യക്ഷത വഹിച്ചു. അധ്യാപകരായ ജോസ് നടുത്തൊട്ടി, എൻ.സി. ജേക്കബ് എന്നിവർ പ്രസംഗിച്ചു.

**ഹരിതരസതന്ത്ര സംരംഭങ്ങളിലെ സാധ്യതകൾ: പ്രഭാഷണം**

'ശാസ്ത്രവും പരിസ്ഥിതിയും സമൂഹവും നേരിടുന്ന വെല്ലുവിളികൾ: ഹരിത രസതന്ത്ര സംരംഭങ്ങളിലെ സാധ്യതകൾ' എന്ന വിഷയത്തിൽ പ്രഭാഷണം നടന്നു. മസാച്യുസെറ്റ്സ് ലോവൽ സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നാനോ സയൻസ് ആന്റ് നാനോ മെഡിസിനിലെ ഡോ. വിരിന്ദർ എസ്. പർമാർ മുഖ്യപ്രഭാഷണം നടത്തി. സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഹാളിൽ നടന്ന പരിപാടിയിൽ ഡയറക്ടർ പ്രൊഫ. ബീന മാത്യു അധ്യക്ഷത വഹിച്ചു. ഡോ. ജി. അനിൽകുമാർ സംസാരിച്ചു.

**നാനോ മെഡിസിൻ; രാജ്യാന്തര കോൺഫറൻസിന് ഇന്ന് തുടക്കം**

നാനോ മെഡിസിൻ, ടിഷ്യു എൻജിനീയറിംഗ് എന്നിവയിലെ അനന്ത സാധ്യതകൾ ചർച്ച ചെയ്യുന്ന രാജ്യാന്തര കോൺഫറൻസിന് ഇന്ന് (ഒക്ടോബർ 12) എം.ജി. സർവകലാശാലയിൽ തുടക്കമാകും. നാനോ ടെക്നോളജി രംഗത്തെ മുപ്പതോളം വിദഗ്ധർ പങ്കെടുക്കും.

സർവകലാശാല കാമ്പസിലെ സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിൽ രാവിലെ 9.30ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. ഐ.ഐ.യു.സി.എൻ.എൻ. ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ, ഡോ. ഹന്ന ജെ. മരിയ എന്നിവർ പങ്കെടുക്കും. ബ്രസീലിൽ നിന്നുള്ള പ്രമുഖ ശാസ്ത്രജ്ഞൻ പ്രൊഫ. അനാ എം. ബ്ലാങ്കോ മാർട്ടിനസ് ഉദ്ഘാടന പ്രഭാഷണം നടത്തും.

പോസ്റ്റർ പ്രദർശനങ്ങൾ, സംവാദങ്ങൾ, ബ്രെയിൻ സ്റ്റോമിംഗ് സെഷനുകൾ എന്നിവ ഇതോടനുബന്ധിച്ച് നടത്തും. ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയുടെ ആഭിമുഖ്യത്തിലാണ് ഐ.സി.എൻ.റ്റി. 2018 എന്ന പേരിൽ കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. ഒക്ടോബർ 14 വരെയാണ് കോൺഫറൻസ്.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ